aneeshveo.blogspot.in

"ഭരണഭാഷ– മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്–കാലവർഷക്കെടുതിയിൽ തകർന്ന വീടുകൾക്ക് നൽകുന്ന ആശ്വാസ ധനസഹായം സംബന്ധിച്ചുള്ള മാനദണ്ഡത്തിൽ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.20/2019/DMD** തീയതി 23/07/2019, തിരുവനന്തപുരം

---

പരാമർശം:- 1 20.05.2015 തീയതിയിലെ സ.ഉ.(കൈ) നം.194/2015/ദു.നി.വ ഉത്തരവ്

2 21.06.2018 തീയതിയിലെ സ.ഉ.(കൈ)നം.7/2018/ദു.നി.വ ഉത്തരവ്

3 03.09.2018 തീയതിയിലെ സ.ഉ.(കൈ)നം.18/2018/ദു.നി.വ ഉത്തരവ്

4 05.10.2018 തീയതിയിലെ സ.ഉ.(സാധാ)നം.527/2018/ദു.നി.വ ഉത്തരവ്

5 26.10.2018 തീയതിയിലെ സ.ഉ.(കൈ)നം.24/2018/ദു.നി.വ ഉത്തരവ്

6 11.01.2019 തീയതിയിലെ സ.ഉ(കൈ) നം.1/2019/ദു.നി.വ ഉത്തരവ്

**ഉത്തരവ്**

2018ലെ പ്രളയത്തിൽ തകർന്ന വീടുകൾക്കു നൽകുന്ന ആശ്വാസം ധനസഹായം സംബന്ധിച്ച് വിവിധ ജില്ലകളിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി.ഏതു കാലയളവിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കാണ് പരാമർശം 5 ഉത്തരവ് പ്രകാരം തകർച്ചയുടെ ശതമാനക്കണക്ക് തിട്ടപ്പെടുത്തി തുക നൽകേണ്ടതെന്നും പ്രളയത്തിന് ശേഷവും നിലവിലും പ്രസ്തുത ഉത്തരവ് പ്രകാരം തകർച്ചയുടെ ശതമാനം കണക്കാക്കി തന്നെ ധനസഹായം വിതരണം ചെയ്യാവുന്നതാണോയെന്നും തകർച്ച നേരിട്ട വീടുകൾക്ക് എന്നു മുതലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായം നൽകേണ്ടതെന്നുമുള്ള വിഷയങ്ങളിൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് കൊല്ലം, തിരുവനന്തപുരം , കണ്ണൂർ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2018 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവാണ് പ്രളയത്തിന്റെ കാലയളവായി നിശ്ചയിച്ചിട്ടുള്ളത്. പരാമർശം 2 , 5 എന്നീ ഉത്തരവുകൾ പ്രകാരം പ്രളയത്തിൽ വീട് പൂർണ്ണമായി തകർന്നവർക്ക് 4 ലക്ഷം രൂപയും വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് 6 ലക്ഷം രൂപയും അനുവദിക്കാനാണ് വ്യവസ്ഥ ചെയ്തത്. (സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മലയോര പ്രദേശങ്ങളിൽ 1,01,900/- രൂപയും സമതല പ്രദേശങ്ങളിൽ 95,100/- രൂപയുമാണ് അനുവദിക്കുന്നത്. ബാക്കി തുകയായ യഥാക്രമം 2,98,100/- രൂപയും 3,04,900/- രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് അനുവദിക്കുന്നത്.)

FEELA

പരാമർശം 1 ഉത്തരവ് പ്രകാരമുള്ള കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള ധനസഹായം (സമതലപ്രദേശത്തെ വീടുകൾക്ക് പരമാവധി 95,100/-രൂപയും മലയോരപ്രദേശത്തെ വീടുകൾക്ക് പരമാവധി 1,01,900/-രൂപയും) പ്രളയത്തിന് മുൻപും പ്രളയസമയത്തും അതിനുശേഷവും അംഗീകൃത ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നൽകാവുന്നതാണ്. എന്നാൽ പരാമർശം 5 ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച മിനിമം റിലീഫ് കോഡ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള തുക 2018 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള പ്രളയസമയത്ത് നാശനഷ്ടം സംഭവിച്ച വീടുകൾക്ക് മാത്രം നൽകേണ്ടതാണ്. പ്രസ്തുത ഉത്തരവിലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുക മാത്രമാണ് 2018 പ്രളയത്തിന്റെ സവിശേഷ സാഹചര്യത്തിൽ അനുവദിച്ചത് . പ്രളയത്തിന് ശേഷവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡവും, തുകയും, മിനിമം റിലീഫ് കോഡും നിയമപരമായി നിലനിൽക്കുന്നതാണ്.

അംഗീകൃത ദുരന്തത്തിൽ തകർച്ച നേരിട്ട വീടുകളുടെ കെട്ടിട തകർച്ചയുടെ തോത് മാത്രം ശതമാന നിരക്കിൽ കണക്കാക്കി അതാത് വില്ലേജ് ഓഫീസർക്ക് ദുരന്തം ഉണ്ടായി 3 ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണം എന്ന് തദ്ദേശ-സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദേശം നൽകുവാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നിർദേശം നൽകിയിട്ടുണ്ട് . ഇത്തരത്തിൽ ലഭിക്കുന്ന നാശനഷ്ട വിവരം അനുസരിച്ച് പരാമർശം 5 ഉത്തരവ് പ്രകാരം അതാത് കാറ്റഗറിയ്ക്ക് എതിരെ പരാമർശിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധന സഹായം വീട്ടുടമസ്ഥന് അനുവദിക്കാവുന്നതാണ്.

പരാമർശം 6 ഉത്തരവ് പ്രകാരം, പുറമ്പോക്കിൽ വസിക്കുന്നവരുടെ ഭാഗീകമായി തകർന്ന വീടുകൾ സംബന്ധിച്ച് ലഭിക്കുന്ന നാശനഷ്ട വിവര റിപ്പോർട്ടിലെ ശതമാനകണക്കിലെ നാശനഷ്ട തോത് അനുസരിച്ച് അതാത് കാറ്റഗറിയ്ക്ക് എതിരെ പരാമർശം 5 ഉത്തരവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധന സഹായം വീട്ടുടമസ്ഥന് അനുവദിക്കാവുന്നതാണ്.

തദ്ദേശ വകുപ്പ് എൻജിനിയർമാർ പരാമർശം 3 ഉത്തരവ് പ്രകാരം നിർണയിച്ചിട്ടുള്ള രീതിയിൽ വീടിന്റെ Structural Damage മാത്രം കണക്കാക്കി ആണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് റിപ്പോർട്ട് നല്കേണ്ടത്. വീടിൻറെ വാല്യൂ, വീട്ടിലെ വസ്തുക്കളുടെ വാല്യൂ എന്നിവ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ദുരിതാശ്വാസ സഹായത്തിന് പരിഗണനീയം അല്ല. നിലവിൽ ചില ഇടങ്ങളിൽ എങ്കിലും വീടിൻറെ വാല്യൂ, വീട്ടിലെ വസ്തുക്കളുടെ വാല്യൂ എന്നിവയാണ് തദ്ദേശ വകുപ്പ് എൻജിനിയർമാർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നൽകുന്നത്. ഈ രീതി മാറ്റേണ്ടതും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായത്തിന് പരാമർശം 3 ഉത്തരവ് പ്രകാരം നിർണയിച്ചിട്ടുള്ള രീതിയിൽ വീടിന്റെ Structural Damage മാത്രം കണക്കാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് നല്കണം എന്നത് തദ്ദേശ സ്വയം ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ് എന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു.വി**

**പ്രിൻസിപ്പല് സെക്രട്ടറി**

FEELA

പകർപ്പ്

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

FEELA